പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.366. 30.11.2015 ൽ മറുപടിയ്ക്ക്.

## അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ ശിക്ഷ

| ചോദ്യം<br>ശ്രീ. കെ. ദാസൻ. | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പേരുടെ ഡ്രൈവിംഗ് ലൈസൻസ് മൂന്ന് മാസ കാലയളവിലേക്ക് സസ്പെന്റ് ചെയ്യുകയുണ്ടായി; | (എ) | 2015 ജനുവരി മുതൽ 289 പേരുടെ ലൈസൻസ് അമിതവേഗതയിൽ വാഹനമോടിച്ചതിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | മദ്യപിച്ച് വാഹനം ഓടിച്ച എത്ര പേർക്ക് തടവ് ശിക്ഷ ഉറപ്പാക്കുകയുണ്ടായി; | (ബി) | മദ്യപിച്ച് വാഹനം ഓടിച്ച ആർക്കെതിരെയും മോട്ടോർവാഹന വകുപ്പ് തടവു ശിക്ഷ ഉറപ്പാക്കിയിട്ടില്ല. |
| (സി) | റോഡ് സുരക്ഷാ നടപടികൾക്കായി സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ സമിതി സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; അവയിൽ നടപ്പിലാക്കിയത് ഏതൊക്കെ; നിർദ്ദേശം ലഭിച്ചത് ഏത് തിയതിയിലായിരുന്നു ; എന്നു മുതൽ നടപ്പിലാക്കുകയുണ്ടായി ? | (സി) | ബഹു. സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ സമിതിയുടെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>സിഗ്നൽ അവഗണിയ്ക്കുന്നതുൾപ്പെടെയുള്ള അമിത വേഗത്തിലുള്ള വാഹനമോടിയ്ക്കൽ,<br>ചരക്ക് വാഹനങ്ങളിലെ അമിതഭാരം,<br>ചരക്ക് വാഹനങ്ങളിൽ യാത്രക്കാരെ കൊണ്ട് പോകുന്നത്,<br>മദ്യവും, മയക്കുമരുന്നുമുപയോഗിച്ചുള്ള വാഹനമോടിയ്ക്കൽ,<br>മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് |

| | | | |
|---|---|---|---|
| | | | എന്നീ നിയമലംഘനങ്ങൾക്ക് മോട്ടോർ വാഹന നിയമത്തിലെ 19-ാം വകുപ്പും, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 21- ാം ചട്ടമനുസരിച്ച് 3 മാസത്തിൽ കുറയാതെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുക , മദ്യവും മയക്കുമരുന്നുമുപയോഗിച്ച് വാഹനമോടിക്കുന്നവരെ മോട്ടോർ വാഹന നിയമത്തിന്റെ 185-ാം വകുപ്പനുസരിച്ച് പോലീസ് പ്രോസിക്യൂഷനും, തടവ് ശിക്ഷയ്ക്കും വിധേയമാക്കുക, ഇരുചക്ര വാഹനയാത്രികർക്ക് ഹെൽമറ്റ് നിർബന്ധമാക്കുക, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിൽ നിയമലംഘനം നടത്തുന്നവരെ 2 മണിക്കൂറിൽ കുറയാത്ത റോഡ് സുരക്ഷാ കൗൺസലിംഗിന് വിധേയരാക്കുക എന്നിവയാണ് സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ.<br>ടി നിർദ്ദേശങ്ങളിന്മേൽ കർശനമായ തുടർ നടപടികൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുക എന്നതാണ്. മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ 2-ാമത് പ്രൊവൈസൊ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച കൊണ്ട് ഇരുചക്ര വാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാരെ ഹെൽമറ്റ് ധരിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിൽ 347 (എ) എന്ന ചട്ടം ഉൾപ്പെടുത്തുകയുണ്ടായി. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗിക വശങ്ങളും ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുന്ന വിവിധ വിഭാഗങ്ങളുടെ നിരന്തരമായ അപേക്ഷയും കണക്കിലെടുത്താണ് ടി ഇളവ് അനുവദിച്ചത്. ബഹു. കേരള ഹൈക്കോടതിയുടെ 16.09.2015 ലെ WP(C) 27865/2015 ലെ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ റോഡ് സുരക്ഷാ കമ്മിറ്റിയുടെ ശുപാർശകളുടെ പശ്ചാത്തലത്തിലും ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വെളിച്ചത്തിലും സർക്കാരിന് പ്രായോഗികമായി ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഗതാഗത നിയമ ലംഘനങ്ങൾ നടത്തുന്ന |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്ക് വേണ്ടി കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. മദ്ധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നേരത്തെ തന്നെ ഈ സംവിധാനം നിലവിലുണ്ട്. റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ചുള്ള വാഹനമോടിക്കൽ, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങളുടെ കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പായി ഗതാഗത നിയമങ്ങൾ സംബന്ധിച്ച് 2011 മുതൽ പരിശീലന ക്ലാസുകൾ നൽകിവരുന്നുണ്ട്. സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും കൗൺസലിംഗ് നൽകുന്നുണ്ട്.<br>സമിതിയുടെ നിർദ്ദേശങ്ങൾ ലഭിച്ചത് 19-08-2015 –ന് ആയിരുന്നു. 03-09-2015 മുതൽ നടപ്പാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ.